LIBRARY ARCHIVES Kerala Legislative Assembly

ടോട്ടൽ സാനിറ്റേഷൻ പ്രോജക്ട്

219 (1638) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വമിഷൻ മുഖേന ടോട്ടൽ സാനിറ്റേഷൻ പ്രോജക്ട് സമർപ്പിച്ച പല പഞ്ചായത്തുകളുടെയും പദ്ധതികൾക്ക് ഇതുവരെയും അംഗീകാരം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പദ്ധതി വിഹിതത്തിൽ നിന്നും ആനുപാതിക വിഹിതം വകയിരുത്തിയ പഞ്ചായത്തുകളെ പ്രോജക്ടിനുള്ള അംഗീകാരം വൈകുന്നത് പ്രതിസന്ധിയിലാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പദ്ധതിക്ക് അംഗീകാരം നൽകുന്നത് വൈകാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫണ്ട് വിനിയോഗം

220 (1640) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫണ്ട് അനുവദിക്കുന്നതിനും ചെലവഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) നിലവിലുള്ള രീതിയിൽ മാറ്റം വരുന്നതോടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണ പദവി നഷ്ടപ്പെടുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത നടപടി ഭരണഘടനാ ഭേദഗതിയുടെ അന്തസത്തയ്ക്ക് യോജിക്കുന്നതാണോ ;

(സി) മാറ്റത്തിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ഇപ്പോൾ റവന്യൂ അക്കൗണ്ടിൽനിന്നും റിലീസ് ചെയ്ത് അവയുടെ പബ്ലിക് അക്കൗണ്ടിൽ പാർക്ക് ചെയ്യുന്നത് സംസ്ഥാനത്തിന്റെ റവന്യൂ ഡെഫിസിറ്റിന് കാരണമാകുന്നുവെന്ന്

കാണുന്നതിനാൽ സംസ്ഥാന റവന്യൂ ഡഫിസിറ്റ് നിയന്ത്രിക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പബ്ലിക് അക്കൗണ്ടുകൾക്കുപകരം, പുതിയ ഒരു റവന്യൂ അക്കൗണ്ടിൽനിന്നും ധനവിനിയോഗം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാന ബജനാവ് അഭിമുഖീകരിക്കുന്ന സാമ്പത്തിക വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള ധനവിനിയോഗ നിയന്ത്രണ നടപടികളുടെ ഭാഗമായാണ് ഇങ്ങനെ തീരുമാനിക്കാൻ കാരണം.

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

221 (1641) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ എത്ര എഞ്ചിനീയർമാരുടെ ഒഴിവുകളാണുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(ബി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസിയർ, സ്റ്റാഫ്റ്റ്സ്മാൻമാരുടെയും എത്ര ഒഴിവുകളാണുള്ളതെന്ന് സ്ഥാപനം, തസ്തിക, ഒഴിവ് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ജീവനക്കാരുടെ കുറവുമൂലം എം.പി., എം.എൽ.എ.-മാരുടെ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് കൊണ്ടുള്ള പ്രവൃത്തികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളും പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അസി. എക്സി. എഞ്ചിനീയർ - 5

അസി. എഞ്ചിനീയർ - 11

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകൾ എല്ലാംതന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly